"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഷാരിഷ്.പി.ജി., കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1750/2025 നമ്പർ കേസിലെ 21.10.2025 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.852/2026/LSGD തീയതി,തിരുവനന്തപുരം, 02-04-2026

---

പരാമർശം:-

1. 26.10.2017തീയതിയിലെ സ.ഉ(സാധാ) നം.3408/2017/തസ്വഭവ
2. ശ്രീ.അഭിലാഷ് എം.ആർ മുതലായവർ ഫയൽ ചെയ്ത OP(KAT) 142/2019 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 11.06.2025 തീയതിയിലെ വിധിന്യായം.
3. ശ്രീ. ഷാരിഷ്.പി.ജി., കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1750/2025 നമ്പർ കേസിലെ 21.10.2025 തീയതിയിലെ ഉത്തരവ്
4. ശ്രീ. ഷാരിഷ്.പി.ജി. സർക്കാരിൽ സമർപ്പിച്ച 22.10.2025 തീയതിയിലെ നിവേദനം.
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.12.2025 തീയതിയിലെ LSGD/PD/36039/2025-DEB5 നമ്പർ കത്ത്.
6. 18.03.2026 തീയതിയിലെ G.O(Rt) No.790/2026/LSGD
7. 19.03.2026 തീയതിയിലെ G.O(Rt) No.798/2026/LSGD

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പിൽ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഷാരീഷ്.പി.ജി., ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലെ തന്റെ സീനിയോറിറ്റി പുന:സ്ഥാപിച്ചു നൽകുന്നതിനുള്ള നടപടികൾക്കായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1750/2025 നമ്പർ കേസിലെ പരാമർശം 3 ഉത്തരവിൽ, ഉത്തരവിന്റെ പകർപ്പ് സഹിതം അപേക്ഷകൻ ഒരാഴ്ചയ്ക്കകം നിവേദനം സമർപ്പിക്കുന്നപക്ഷം ആയത് പരിഗണിച്ച്, ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷി/സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ. ഷാരീഷ്.പി.ജി. സമർപ്പിച്ച പരാമർശം 4 നിവേദനം പ്രകാരം, 03.01.2012 ലെ ഉത്തരവ് പ്രകാരം, തൃശ്ശൂർ ജില്ലയിലെ ജില്ലാ റിക്രൂട്ട് മെന്റ് വഴി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (ഇപ്പോൾ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയി പുനർനാമകരണം ചെയ്യപ്പെട്ടു) തസ്തികയിൽ തൃശ്ശൂർ ചാവക്കാട് മുനിസിപ്പാലിറ്റിയിൽ നിയമിച്ചതായും, 2014-ൽ സ്വന്തം ജില്ലയായ തൃശ്ശൂരിലേക്കുള്ള പൊതു ട്രാൻസ്ഫർ സമയത്ത് ട്രാൻസ്ഫറിന് അപേക്ഷിച്ചിരുന്നതായും അറിയിക്കുന്നു. 28.08.2014-ൽ നഗരകാര്യ ഡയറക്ടർ തന്റെ സ്വന്തം ജില്ലയായ തൃശ്ശൂരിലേക്ക് ട്രാൻസ്ഫർ നൽകിയതായും താൻ നിർദ്ദിഷ്ട ഫോമിൽ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫറിന് ഒരിക്കലും അപേക്ഷിച്ചിട്ടില്ലായെന്നും എന്നാൽ സ്ഥലംമാറ്റ ഉത്തരവ് നിർദ്ദിഷ്ട നിബന്ധനകൾക്ക് വിധേയമായിരുന്നില്ലായെന്നതിനാൽ 20.11.2014-ന് പ്രസിദ്ധീകരിച്ച ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II) തസ്തികയുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള ഗ്രേഡേഷൻ പട്ടികയിൽ തന്റെ സീനിയോറിറ്റി സ്ഥാനം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II-ന്റെ എൻട്രി കേഡറിൽ തന്നേക്കാൾ ജൂനിയറായിരുന്നവർക്ക് താഴെയായിരുന്നതായും അറിയിക്കുന്നു. ജില്ലാതല നിയമനപ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേക്ക് നിയമനം ലഭിച്ച നിരവധി പേർക്ക് പൊതു സ്ഥലംമാറ്റത്തിൽ സ്വന്തം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകിയതായും ടിയാളുകൾക്ക് പിന്നീട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നിഷേധിച്ചിരുന്നതായും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ സ്ഥലംമാറ്റ ഉത്തരവ് റദ്ദാക്കാനും/പരിഷ്കരിക്കാനും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II) കേഡറിലെ യഥാർത്ഥ സീനിയോറിറ്റി നിലനിർത്താനും അവരെ മുമ്പ് ജോലി ചെയ്തിരുന്ന അതത് ജില്ലകളിലേക്ക് തിരികെ മാറ്റാനും നഗരകാര്യ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് എന്നും അറിയിക്കുന്നു. ആയതിനാൽ മേൽ വിഷയത്തിൽ നിലവിലെ ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, സീനിയോറിറ്റി ലിസ്റ്റിലെ തന്റെ സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നതിനും സീനിയോറിറ്റി അനുസരിച്ച് സ്ഥാനക്കയറ്റ ഉത്തരവിൽ എന്റെ സ്ഥാനം പുനഃസ്ഥാപിക്കുന്നതിന് ഉത്തരവുകൾ പുറപ്പെടുവിക്കാനും ടിയാൾ അഭ്യർത്ഥിക്കുകയുണ്ടായി.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 5 റിപ്പോർട്ട് പ്രകാരം നഗരകാര്യ ഡയറക്ടറുടെ 03/01/2012 ലെ E2-16019/2011 നമ്പർ ഉത്തരവ് പ്രകാരം ശ്രീ ഷാരീഷ് പി.ജി. എന്നവർ തൃശ്ശൂർ ജില്ലയിലെ ചാവക്കാട് നഗരസഭയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും, 2014 വർഷം ടിയാൻ സമർപ്പിച്ച സ്ഥലംമാറ്റ അപേക്ഷ പരിഗണിച്ച് 28-08-2014 തീയതിയിലെ E2-2759/14 നമ്പർ ഉത്തരവ് പ്രകാരം കല്പറ്റ നഗരസഭയിൽ ടിയാന് സ്ഥലംമാറ്റം അനുവദിച്ചതായും ടി സ്ഥലംമാറ്റ ഉത്തരവിൽ അന്തർജില്ലാ സ്ഥലംമാറ്റം ആണെന്നോ സ്ഥലംമാറ്റം ലഭിക്കുന്ന ജില്ലയിൽ ജൂനിയർ ആയി പരിഗണിക്കുമെന്നോ സൂചിപ്പിച്ചിട്ടില്ലായിരുന്നുവെന്നും 2013-14 കാലയളവിൽ നടന്ന പൊതുസ്ഥലംമാറ്റത്തിന്റെ ഉത്തരവുകൾ പുന:പരിശോധിക്കണമെന്നും സ്ഥലംമാറ്റം ലഭിച്ചവരെ മാതൃ ജില്ലയിലേക്ക് സീനിയോറിറ്റി നഷ്ടമാകാത്ത വിധം മാറ്റി നിയമിക്കണം എന്നും സർക്കാർ ഉത്തരവായിരുന്നെങ്കിലും ടി ഉത്തരവിനെതിരെ ജൂനിയർമാരായ ഉദ്യോഗസ്ഥർ ചേർന്ന് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 2720/2017 കേസിൽ ബഹു.ട്രൈബ്യൂണൽ 31/05/2018 ലെ ഇടക്കാല ഉത്തരവ് വഴി സർക്കാർ ഉത്തരവ് സ്റ്റേ

ചെയ്തതായും അറിയിക്കുന്നു. പ്രസ്തുത കേസിന്മേൽ സ്റ്റേ നീക്കം ചെയ്തു കൊണ്ട് 22/02/2019 ൽ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, ശ്രീ സനിൽരാജ് ഡി, ശ്രീ രഞ്ചിത്ത് ബി, എന്നിവർക്ക് സീനിയോരിറ്റി നഷ്ടപ്പെടാതെ ഉചിതമായ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകണമെന്ന് ബഹു. ട്രൈബ്യൂണൽ ഉത്തരവായിരുന്നു. ടി വിധിന്യായത്തിനെതിരെ ശ്രീ അഭിലാഷ് എം ആർ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസിൽ, ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ്, 03/04/2019 തീയതിയിലെ ഉത്തരവ് മുഖേന ബഹു ഹൈക്കോടതി സ്റ്റേ ചെയ്യുകയുണ്ടായി. ടി കേസിലെ, പരാമർശം (2) പ്രകാരമുള്ള, 11/06/2025 തീയതിയിലെ ബഹു ഹൈക്കോടതി ഉത്തരവിൽ, ശ്രീ സനിൽരാജ് ഡി ക്ക് അനുകൂലമായി വിധി പുറപ്പെടുവിക്കുകയും സീനിയോരിറ്റി പുനസ്ഥാപിക്കുകയും ചെയ്തു.

4) നഗരകാര്യ ഡയറക്ടറുടെ ഗ്രഡേഷൻ ലിസ്റ്റിൽ ശ്രീ ഷാരിഷ് പി ജി യുടെ സ്ഥാനം 366 മത് ആയിരുന്നു. ശ്രീമതി സ്വപ്ന സി കെ യുടെയും ശ്രീ നിഷാദ് റ്റി യുടെയും മദ്ധ്യേ ആണ് ശ്രീ ഷാരിഷ് ഉൾപ്പെട്ടിരുന്നത്. എന്നാൽ 19.06.2018 ലെ ഗ്രഡേഷൻ ലിസ്റ്റിൽ ടിയാന്റെ സ്ഥാനം 223 മതായും 10.01.2023 ലെ ഗ്രഡേഷൻ ലിസ്റ്റിൽ ടിയാന്റെ സ്ഥാനം 69 മതായും പുന:ക്രമീകരിച്ചിട്ടുള്ളതായി കാണുന്നു. ബഹു നഗരകാര്യ ഡയറക്ടർ 01.02.2023ൽ പുറപ്പെടുവിച്ച സ്ഥാനക്കയറ്റ ഉത്തരവിൽ ക്രമ നമ്പർ 69 മതായിട്ടാണ് ശ്രീ ഷാരിഷ് പി ജി ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത്. ഗ്രഡേഷൻ ലിസ്റ്റിൽ ശ്രീ ഷാരിഷ് പി ജി യുടെ ജൂനിയറായ ശ്രീ സുരേഷ് എൻ സ്ഥാനക്കയറ്റ ഉത്തരവിൽ ക്രമ നമ്പർ നാലാമതായി സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ളതായി കാണുന്നു. മേൽ സാഹചര്യത്തിൽ 11/06/2025 തീയതിയിലെ ബഹു.ഹൈക്കോടതി വിധിന്യായം പ്രകാരം ശ്രീ ഷാരിഷ് പി ജി യുടെ സ്ഥാനം 366 മതായി ശരി വച്ചു കൊണ്ടും ശ്രി ഷാരിഷ് പി ജിയുടെ ജൂനിയറായ ശ്രീ സുരേഷ് എൻ ന് പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ 01/02/2023 തീയതിയിലെ ഉത്തരവിൽ ശ്രീ ഷാരിഷ് പി ജി യുടെ സ്ഥാനം ക്രമ നമ്പർ 03 സ്വപ്ന സി കെ -ക്കും ക്രമ നമ്പർ 04 ശ്രീ സുരേഷ് എൻ- നും മദ്ധ്യേ 3 A ആയി മുൻകാല പ്രാബല്യത്തോടെ നോഷണൽ ആയി സ്ഥാനക്കയറ്റം നൽകി കൊണ്ടും ശ്രീ ഷാരിഷ് പി ജി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA 1750/2025 നമ്പർ ഹർജിയിലെ 21/10/2025 തീയതിയിലെ വിധിന്യായവും ബഹു കേരള ഹൈക്കോടതിയുടെ 11/06/2025 തീയതിയിലെ OP(KAT) 206/2019 വിധിന്യായവും നടപ്പിലാക്കാവുന്നത് ആണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമാനവിഷയത്തിൽ ബഹു.കോടതി ഉത്തരവുകളുടെ വെളിച്ചത്തിൽ പരാമർശം 2 വിധിന്യായം നടപ്പിലാക്കിക്കൊണ്ട്, ശ്രീ സനൽ രാജ്, രഞ്ജിത് ഡി, ശ്രീമതി രാജി സി ടി, ശ്രീമതി ബിന്ദു പി കെ എന്നിവർക്ക് ടിയാളുകൾക്കു സീനിയോറിറ്റി പുനഃസ്ഥാപിച്ചുകൊണ്ടും തൊട്ടടുത്ത ജൂനിയറിന് പ്രൊമോഷൻ ലഭിച്ച തീയതി പ്രാബല്യത്തിൽ Public Health Inspector Gr I തസ്തികയിലേക്ക് നോഷണൽ പ്രൊമോഷൻ അനുവദിച്ചുകൊണ്ടും പ്രിൻസിപ്പൽ ഡയറക്ടർ ഉത്തരവായിട്ടുണ്ട്. കൂടാതെ പരാമർശം 6,7 സർക്കാർ ഉത്തരവുകൾ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വ്യത്യസ്ത വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ വിനോദ് കുമാർ, ശ്രീ.മുജീബ് ഖാൻ, ശ്രീ ബെൻസിലാൽ, ശ്രീ സജു കുമാർ എൻ, ശ്രീ അനൂപ് എസ്, ശ്രീ മുഹമ്മദ് നവാസ് എന്നിവർക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II കേഡറിലെ (അതാത്) ജില്ലാ സീനിയോറിറ്റി പുനഃസ്ഥാപിച്ചുനൽകുന്നതിനും തൊട്ടടുത്ത ജൂനിയറിന് പ്രൊമോഷൻ ലഭിച്ച തീയതി

പ്രാബല്യത്തിൽ Public Health Inspector Gr I തസ്തികയിലേക്ക് നോഷണൽ പ്രൊമോഷൻ അനുവദിച്ചുനൽകുന്നതിനും പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

6) മേൽ സാഹചര്യത്തിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21/10/2025 തീയതിയിലെ OA 1750/2025നമ്പർ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ ഷാരീഷ് പി ജി പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I എന്നവർക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II കേഡറിലെ (അതാത്) ജില്ലാ സീനിയോറിറ്റി പുനഃസ്ഥാപിച്ചുനൽകുന്നതിനും തൊട്ടടുത്ത ജൂനിയറിന് പ്രൊമോഷൻ ലഭിച്ച തീയതി പ്രാബല്യത്തിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേക്ക് നോഷണൽ പ്രൊമോഷൻ അനുവദിച്ചുനൽകുന്നതിനും പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് പരാമർശം 4 നിവേദനം തീർപ്പാക്കി ഉത്തരവാകുന്നു.

7. മേൽ പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ 1750/2025 നം കേസിലെ 21.10.2025 തീയതിയിലെ ഉത്തരവ് നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ശ്രീ ഷാരീഷ് പി ജി, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
സെക്ഷൻ ഓഫീസർ
Date: 06-04-2026 10:32:04